**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5840** **16-03-2023 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപയ്ക്ക് ഊണ് നൽകുന്നതിനായി ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾ എത്ര നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചുവെന്നും ആയതിനായി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | 52 നിയോജകമണ്ഡലങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുള്ളതിൽ നിലവിൽ 51 എണ്ണം പ്രവർത്തിച്ചു വരുന്നു. സുഭിക്ഷ ഹോട്ടലുകൾക്കായി 3,81,22,884 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രതിമാസം ശരാശരി എത്ര പേർ സുഭിക്ഷ ഹോട്ടൽ പ്രയോജനപ്പെടുത്തുന്നുവെന്ന് അറിയിക്കാമോ; | (ബി) | ശരാശരി 4.5 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നു. |
| (സി) | സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സുഭിക്ഷ ഹോട്ടലുകളിൽ എല്ലാ മാസവും ബന്ധപ്പെട്ട റേഷനിങ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ പരിശോധന നടത്തി വരുന്നുണ്ട്. |
| (ഡി) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ; | (ഡി) | <u>സ്ഥലം</u> <u>നിയോജകമണ്ഡലം</u><br>1. പാളയം തിരുവനന്തപുരം<br>2. കിളിമാനൂർ ആറ്റിങ്ങൽ ( നിലവിൽ പ്രവർത്തിക്കുന്നില്ല)<br>3. കാട്ടാക്കട കാട്ടാക്കട<br>4. കാഞ്ഞിരംകുളം കോവളം<br>5. നെടുമങ്ങാട് നെടുമങ്ങാട്<br>6. വാമനപുരം വാമനപുരം<br>7. കാര്യവട്ടം കഴക്കൂട്ടം |
| (ഇ) | കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഇ) | അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ